MR. C. S. LEKSHMANAN PILLAI: അത് പബ്ലിക്ക് സർവീസ് കമ്മീഷണരുടെ മുമതലയല്ല എന്നു പറയുന്നില്ല. ഒരു സംഗതി നേരാണോ അല്ലയോ എന്നുള്ളത് തെളിവിനെ സംബന്ധിക്കുന്നതാണ്. തെളിവ് ആവശ്യമുള്ളിടത്തോളം ആവശ്യപ്പെടുകയും അതനുസരിച്ച് തീരുമാനിക്കുകയും ചെയ്യുന്നുണ്ട്.

MR. THARIATHU KUNJITHOMMEN: ഒരു അപേക്ഷകൻ ഇന്നതാളുക്ക്, ഇന്നപകുതി, ഇന്ന കരയിൽ ഉള്ളയാളാണെന്ന് അറിഞ്ഞാൽ അയാളുടെ പേരുംമതവും ഗസറ്റിൽ പരസ്യംചെയ്താൽ അത് ശരിയാണോ അല്ലയോ എന്നുള്ളത് അറിയാൻ സാധിക്കുമല്ലോ.

MR. C. S. LEKSHMANAN PILLAI: അതിനെപ്പറ്റി ചിന്തിച്ചിട്ടില്ല.

MR. THARIATHU KUNJITHOMMEN: അതിനെപ്പറ്റി ചിന്തിക്കേണ്ടതല്ലേ?

MR. C. S. LEKSHMANAN PILLAI: അത് ആലോചനാവിഷയമാക്കത്തക്ക ഒന്നാണെന്നു തോന്നുന്നുവെങ്കിൽ അങ്ങനെ ചെയ്യാം.

MR. THARIATHU KUNJITHOMMEN: ഒരാൾ കത്തോലിക്കാ ക്രിസ്ത്യാനി എന്നെഴുതിയിരിക്കുന്നു. അയാൾ ഏതു പകുതിയിൽ ഉള്ളവനാണെന്നു കാണിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തിയാൽ അയാൾ പറഞ്ഞിട്ടുള്ളത് വ്യാജമാണെങ്കിൽ ആ വിവരം അറിയാൻ സാധിക്കുമല്ലോ.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I rise to a point of order. The question relates to some other different problem and is irrelevant.

PRESIDENT: A certain amount of latitude has been given to the honourable member in asking supplementary questions.

MR. K. R. NARAYANAN (*Vaikom* cum *Kottayam*): പബ്ലിക്ക് സർവീസ് കമ്മീഷണരുടെ ഈ മാതിരിയുള്ള വിഷമങ്ങൾ അഡ്വൈസറി ബോർഡിന്റെ ഉപദേശംകൊണ്ടു തീരുകയില്ലേ?

MR. C. S. LEKSHMANAN PILLAI: അഡ്വൈസറിബോർഡ് മീറ്റിങ്ങ് ഒന്നേകൂടിയിട്ടുള്ളൂ. അടുത്ത മീറ്റിങ്ങ് കൂടാൻ പോകുന്നുണ്ട്. അതിൽ വയ്ക്കുന്നതിനുള്ള വാദവിഷയങ്ങളെല്ലാം തയാറാക്കുകയാണ്.

Nadars appointed in the Public Service.

76. * MR. K. NARAYANAPERUMAL NADAR: Will the Government be pleased to lay on the table a list of persons appointed by the Public Service Commissioner as Nadars from 15-12-1115 to 30-3-1116?

MR. C. S. LEKSHMANAN PILLAI: For the names and other particulars of candidates of the Nadar community advised for recruitment from 15-12-1115 to 30-3-1116, the member is referred to the statements containing particulars of recruitments advised, published in the Public Service Departmental sheets of the Gazettes dated 12th Chingom, 16th Kanni, 4th Vrischigom, and 3rd Dhanu 1116.

LIBRARY ARCHIVES Kerala Legislative Assembly